പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :3640 15.03. 2018 ൽ മറുപടിക്ക്

## വൈദ്യുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള തടസ്സങ്ങൾ

ചോദ്യം

ശ്രീ.ഡി.കെ.മുരളി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ എന്തെന്ന് വിശദീകരിക്കാമോ? | കുടിശ്ശിക വരുത്തുന്ന ആവശ്യ സർവ്വീസ് വിഭാഗത്തിൽ വരുന്നതോ കോടതികളിൽ വ്യവഹാരം നിലനിൽക്കുന്നതോ ആയ വൈദ്യുത കണക്ഷനുകൾ വിച്ഛേദിക്കുവാൻ സാധിക്കാത്തതിനാൽ കുടിശ്ശിക ഈടാക്കുവാൻ സാധിക്കാതെ വരുന്നുണ്ട്.<br>വിവിധ കേസുകളിൽപ്പെട്ട്, വിവിധ കോടതികളുടെ പരിഗണനയിലുള്ള കുടിശ്ശിക തുക, ബഹുമാനപ്പെട്ട കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ.<br>റവന്യൂ റിക്കവറി നടപടി ക്രമങ്ങളിലുള്ള കുടിശ്ശികയെ സംബന്ധിച്ചും, താലൂക്ക്, ജില്ല റവന്യൂ അധികാരികളുമായി ബന്ധപ്പെട്ടുകൊണ്ട് കെ.ആർ ആർ ആക്ട് പ്രകാരവും, ഐ.ആർ.ആർ ആക്ട് പ്രകാരവും നടപ്പിലാക്കപ്പെടുന്ന റിക്കവറി നടപടികളിൽ നിന്നുകൊണ്ടാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്. റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ടും വിവിധ കോടതി കേസുകൾ നിലനിൽക്കുന്നു.വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് 31.12.17 വരെയുള്ള കാലയളവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 696.55 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ഈ തുക പിരിച്ചെടുക്കുന്നതാനായി ഗവൺമെൻറ് തലത്തിൽ ചർച്ചകളും മറ്റും നടത്തി വരുന്നുണ്ടെങ്കിലും പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ഒട്ടേറേ പരിമിതികളുണ്ട്. അതുപോലെ തന്നെ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ കുടിശ്ശികയിൽപ്പെടുന്ന വിവിധ ഗവൺമെൻറ് സ്ഥാപനങ്ങളുടെ കാര്യത്തിലും കുടിശ്ശികപിരിവിന് കാലതാമസം വരുന്നുണ്ട്. ഇക്കാര്യങ്ങളിലൊക്കെത്തന്നെയും സർക്കാർ തലത്തിലുള്ള ഇടപ്പെടലുകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ